**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.454. 07.01.2014 ൽ മറുപടിയ്ക്ക്.

ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. വി.എസ്. സുനിൽകുമാർ :<br>" ജി.എസ്. ജയലാൽ :<br>" വി. ശശി :<br>" ഇ.കെ. വിജയൻ : | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്ത് എത്ര ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ; ഓരോ ജില്ലയിലും എത്ര വീതം ; | (എ) | 2379<br>തിരുവനന്തപുരം 338<br>കൊല്ലം 157<br>പത്തനംതിട്ട 112<br>ആലപ്പുഴ 184<br>കോട്ടയം 183<br>ഇടുക്കി 72<br>എറണാകുളം 259<br>തൃശ്ശൂർ 209<br>മലപ്പുറം 230<br>പാലക്കാട് 162<br>കോഴിക്കോട് 135<br>വയനാട് 41<br>കണ്ണൂർ 226<br>കാസറഗോഡ് 71<br>------------<br>2379 |
| (ബി) ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനം നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ; | (ബി) | എല്ലാ ഡ്രൈവിംഗ് സ്കൂളുകളും ആറ് മാസത്തിൽ ഒരിക്കൽ പരിശോധന നടത്തുകയും, ക്രമക്കേടുകൾ കണ്ടെത്തിയാൽ, അവ പരിഹരിക്കുന്നതിനായി ഡ്രൈവിംഗ് സ്കൂൾ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) പുതുതായി നിരത്തിലിറങ്ങുന്ന വാഹനങ്ങളുടെ സങ്കീർണ്ണമായ പ്രവർത്തനരീതികൾ വാഹനമോടിക്കുന്നവരെ പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് വിശദീകരിക്കുമോ ; | (സി) | ഡ്രൈവർമാർക്കും, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കും, ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. ലേണേഴ്സ് ലൈസൻസിന് അപേക്ഷിക്കുന്നവർക്ക് റോഡ് സുരക്ഷയെക്കുറിച്ചും, വാഹനങ്ങളെ സംബന്ധിച്ചും വിശദമായ ക്ലാസ്സ് നൽകുന്നുണ്ട് (പ്രീ ലേണേഴ്സ് ടെസ്റ്റ്). ഈ ക്ലാസ്സിൽ പങ്കെടുക്കുന്നവരെ മാത്രമേ, ലേണേഴ്സ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളൂ. |
| (ഡി) ലൈസൻസിംഗ് സമ്പ്രദായം കുറ്റമറ്റതാക്കുന്നതിന് സ്വീകരിച്ച | (ഡി) | ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടിൽ ക്യാമറകൾ സ്ഥാപിക്കുന്നുണ്ട്. കോഴിക്കോട്,, കണ്ണൂർ എന്നീ ആർ.ടി.ഒ കളുടെ അധികാര |

| | | |
|---|---|---|
| നടപടികൾ വിശദമാക്കുമോ ? | | പരിധിയിൽ കംപ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റിംഗ് സ്റ്റേഷനിൽ വച്ചാണ് ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നത്. ഹെവി ലൈസൻസിന് 'T' ടെസ്റ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കമ്പ്യൂട്ടറിന്റെ സഹായത്തോടെ തയ്യാറാക്കുന്ന ലാമിനേറ്റഡ് ലൈസൻസാണ് ഇപ്പോൾ നൽകി വരുന്നത്. ഡ്രൈവിംഗ് സ്കൂളുകളുടെ സ്ഥല സൗകര്യങ്ങൾ നിർണ്ണയിച്ചു കൊണ്ട് ഗതാഗത കമ്മീഷണർ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.